**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്—വടവുകോട്-പുത്തൻകുരിശ് പുലാമന്തോൾ എന്നീ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഗ്രാമന്യായാലയത്തിന്റെ പ്രവർത്തനത്തിന് വിട്ടുകൊടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.2605/16/തസ്വഭവ തിരുവനന്തപുരം, തീയതി : 05/09/2016

---

പരാമർശം - 1. 20.11.2014-ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്യോഗസ്ഥ മേധാവികളുടെ യോഗത്തിന്റെ മിനിട്സ്.

2. വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 05.05-2016 ലെ 18-ാം നമ്പർ തീരുമാനം.

3. പുലാമന്തോൾ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 27.06.2016 ലെ 9(41)-ാം നമ്പർ തീരുമാനം.

4. പഞ്ചായത്ത് ഡയറക്ടറുടെ 01.08.2016 ലെ സി-2/7909/15 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമന്യായാലയം പ്രവർത്തിക്കുന്നതിന് കെട്ടിടങ്ങൾ ലഭ്യമായ ആറ് സ്ഥലങ്ങൾ ഹൈക്കോടതി രജിസ്ട്രാറിന് കൈമാറുന്നതിന് സൂചന (1) പ്രകാരം തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2)(3) പ്രകാരം വടവുകോട്-പുത്തൻകുരിശ്,പുലാമന്തോൾ ഗ്രാമപഞ്ചായത്തുകൾ ഗ്രാമന്യായാലയത്തിനായി കെട്ടിടം വിട്ടു നൽകാൻ തീരുമാനമെടുക്കുകയുമുണ്ടായി. സൂചന (4)ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് വക പുത്തൻകുരിശ് സസ്യമാർക്കറ്റിൽ നേരത്തെ BSNL പ്രവർത്തിച്ചിരുന്ന 120 സ്ക്വയർമീറ്റർ വിസ്തീർണമുളള കെട്ടിടവും, പുലാമന്തോൾ ഗ്രാമ പഞ്ചായത്തിൽ മാനേജിംഗ് ഡയറക്ടർ ,പുലാമന്തോൾ കോംപ്ലക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നവരുടെ കൈവശമുള്ള വാടകയില്ലാതെ പഞ്ചായത്ത് ഏറ്റെടുത്ത ബസ്സ്റ്റാന്റ് ബിൽഡിംഗ്കോംപ്ലക്സിലെറൂം നം.8/1349,1350,1351,1352,1355,1356, 1357,1360 എ എന്നിവ ഉർപ്പെട്ട 2620 സ്ക്വയർഫീറ്റ് സ്ഥലവും ഉടമസ്ഥാവകാശം പ്രസ്തുത പഞ്ചായത്തുകളിൽ നിലനിർത്തികോണ്ട് ഗ്രാമന്യായാലയത്തിന് വിട്ടുകൊടുക്കുന്നതിന് സർക്കാർ അനുമതിയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (4)ലെ പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് വക പുത്തൻകുരിശ് സസ്യമാർക്കറ്റിൽ നേരത്തെ BSNL പ്രവർത്തിച്ചിരുന്ന 120 സ്ക്വയർമീറ്റർ വിസ്തീർണമുള്ള കെട്ടിടവും പുലാമന്തോൾ ഗ്രാമ പഞ്ചായത്തിൽ പുലാമന്തോൾ കോംപ്ലക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നവരുടെ കൈവശത്തുള്ള വാടകയില്ലാതെ പഞ്ചായത്ത് ഏറ്റെടുത്ത ബസ്സ്റ്റാന്റ്ബിൽഡിംഗ് കോംപ്ലക്സിലെ റൂം നം.8/1349,1350,1351,1352,1355,1356,1357, 1360എ എന്നിവ ഉൾപ്പെട്ട 2620 സ്ക്വയർഫീറ്റ് സ്ഥലവും ഉടമസ്ഥാവകാശം പ്രസ്തുത പഞ്ചായത്തുകളിൽ നിലനിർത്തികോണ്ട് ഗ്രാമന്യായാലയത്തിന്റെ പ്രവർത്തനത്തിനായി വിട്ടു നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ. മോഹന കുമാർ**
ഗവ. ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖകത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, പുലാമന്തോൾ ഗ്രാമപഞ്ചായത്ത്
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ